6701/എഫ്/2013/കെ.എസ്സ്.എച്ച്.ഒ 10...08..2015

# സർക്കുലർ

വിഷയം :- ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) - നഗരസഭകളിൽ കമ്മ്യൂണിറ്റി ഓർഗനൈസറുടെ നിയമനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ.

സൂചന:- 22.6.2015 ലെ 6701/എഫ്/2013/കെഎസ്എച്ച്ഒ നമ്പർ സർക്കുലർ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം നഗരസഭകളിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. പദ്ധതി നിർവ്വഹണത്തിനായി കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ സേവനം വളരെ അത്യാവശ്യമായതിനാൽ അടിയന്തിരമായി ടിയാൻമാരുടെ നിയമനം നടത്തേണ്ടതാണ്.

ടി നിയമനത്തിനായി നടത്തുന്ന എഴുത്തുപരീക്ഷ, സംസ്ഥാനതലത്തിൽ ഏകീകൃതമായി നടത്തണമെന്ന് വിവിധ തലങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ ഏകീകരിച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിലേയ്ക്കായി നിയമന നടപടിയിൽ പാലിക്കേണ്ട സമയക്രമം താഴെപ്പറയുന്നു.

| | |
|---|---|
| പത്രപ്പരസ്യം നൽകൽ | ഓഗസ്റ്റ് 11, 2015 (അവസാന ദിവസം) |
| അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | ഓഗസ്റ്റ് 17, 2015 |
| എഴുത്തുപരീക്ഷ | ഓഗസ്റ്റ് 24, 2015 (11 മണിക്ക്) |
| എഴുത്തുപരീക്ഷയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കൽ | ഓഗസ്റ്റ് 26, 2015 |
| അഭിമുഖം | സെപ്തംബർ 1, 2015 |
| അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കൽ | സെപ്തംബർ 1, 2015 |

പരീക്ഷയ്ക്കുള്ള ക്രമീകരണങ്ങൾ അതാത് നഗരസഭകൾ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുമായി ചേർന്ന് ഏകോപിപ്പിക്കേണ്ടതാണ്. പരീക്ഷ

രാവിലെ 11 മണിക്ക് ആരംഭിക്കേണ്ടതും, പരീക്ഷ ആരംഭിക്കുന്നതിന് 10 മിനിട്ട് മുമ്പ് ചോദ്യപേപ്പർ നഗരസഭാ സെക്രട്ടറിക്ക് ഓൺലൈൻ ആയി ലഭ്യമാക്കുന്നതാണ്.

മേൽപ്പറഞ്ഞ സമയക്രമം പാലിച്ച് എല്ലാ നഗരസഭാ സെക്രട്ടറിയും, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരും കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ നിയമനം പൂർത്തിയാക്കേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

To

എല്ലാ കോർപ്പറേഷൻ മേയർമാർക്കും, മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും
എല്ലാ നഗരസഭ /കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും (ഇടുക്കി ഒഴികെ)
എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും

പകർപ്പ്

സിറ്റി മിഷൻ മാനേജർ (നഗരസഭാ സെക്രട്ടറി മുഖാന്തിരം)
കരുതൽ ശേഖരം

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (അർബൻ)**